- Avinash Ashok selected as UN 75 Ambassador in Youth Global Dialogue
-

# യുഎൻ ഗ്ലോബൽ ഡയലോഗ്; അംബാസഡറായി അവിനാഷ്

## മാവേലിക്കര ബിഷപ് മൂർ കോളജ് വിദ്യാർഥി



അവിനാഷ് അശോക്

മാവേലിക്കര ● കൊച്ചി സെന്റ് ആൽബർട്സ് കോളജ് പ്ലാറ്റിനം ജൂബിലി, ഐക്യരാഷ്ട്ര സംഘടനയുടെ 75-ാം വാർഷികം എന്നിവയുടെ ഭാഗമായി ഓൺലൈനിൽ നടത്തിയ ഗ്ലോബൽ ഡയലോഗിൽ 'യുഎൻ-75 അംബാസഡർ ഓഫ് ഹെൽത്ത്' ആയി തിരഞ്ഞെടുക്കപ്പെട്ട് മാവേലിക്കര സ്വദേശി.

വെട്ടിയാർ പുത്തൂർ വീട്ടിൽ അവിനാഷ് അശോക് ആണ്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മത്സരാർഥികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 9 അംബാസഡർമാരിൽ ഒരാളായത്. മാവേലിക്കര ബിഷപ് മൂർ കോളജിൽ ബിഎസ്‌സി മാത്‌സ് അവസാന വർഷ വിദ്യാർഥിയാണ്.

7 വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് ഗ്ലോബൽ ഡയലോഗ് സംഘടിപ്പിച്ചത്. ആരോഗ്യ വിഭാഗത്തിൽ 'തുല്യമായ ഭാവിക്കായി ആരോഗ്യത്തിൽ നിക്ഷേപം നടത്തുക' എന്ന വിഷയത്തിൽ 3 ഘട്ടമായി നടന്ന ചർച്ചയിലാണ് അവിനാഷ് മികവ് പുലർത്തിയത്. 2021 ഒക്ടോബർ വരെയാണ് അംബാസഡർ പദവി.

ഈ കാലയളവിൽ യുഎൻ, ഡബ്ല്യുഎച്ച്ഒ കാര്യാലയങ്ങൾ സന്ദർശിക്കാനുള്ള അവസരം ലഭിക്കും. ഇതിനൊപ്പം ആരോഗ്യരംഗത്ത് യുഎൻ നടത്തുന്ന പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി ഒരു വർഷക്കാലം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

അശോകൻപിള്ളയുടെയും കെ.ശ്രീകലയുടെയും മകനായ അവിനാഷ് നാഷനൽ യൂത്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ സംസ്ഥാന പ്രസിഡന്റുമാണ്.